**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 184/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

കൂടി വരുന്ന ഏകാന്ത വാർദ്ധക്യങ്ങളുടെ സംഖ്യയും അവരുടെ ഒറ്റപ്പെടലുകളും മറികടക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇതിന് നേതൃത്വം നൽകേണ്ടത് തീർച്ചയായും നമ്മുടെ വൈദികരാണ്. നമ്മുടെ എല്ലാ ഇടവകകളിലും വൃദ്ധഭവനങ്ങൾ ഉണ്ടാകണമെന്നാണ് നമ്മുടെ ആഗ്രഹം എന്ന് പുണ്യശ്ലോകനായ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ ഒരിക്കൽ കൽപിച്ചിട്ടുണ്ട്. വർത്തമാനകാല യഥാർത്ഥ്യങ്ങളിൽ വൃദ്ധഭവനങ്ങളല്ല, ഏകാന്ത വാർദ്ധക്യങ്ങൾക്ക് കരുതൽ ആണ് ആവശ്യം. പല ഇടവകകളിലും ഒറ്റപ്പെട്ട പരിശ്രമങ്ങൾ ഈ വിഷയത്തിൽ ആരംഭിച്ചിട്ടുണ്ട് എന്നത് സന്തോഷകരമാണ്. ഏകാന്ത വാർദ്ധക്യപരിചരണത്തിന് വ്യക്തമായ ഒരു ലക്ഷ്യബോധവും ക്രിയാമാർഗ്ഗവും ഉണ്ടാകേണ്ടതിയിരിക്കുന്നു. ഇവർക്ക് പ. സഭ കേന്ദ്രീകൃതമായ രീതിയിൽ കരുതലും സാമീപ്യവും നൽകുന്ന **ചാരെ (സമീപം)** എന്ന **വയോജനശ്രദ്ധാ** പദ്ധതിക്ക് ഒരു മാർഗ്ഗ രേഖയും പരിശീലനവും ഉടൻ ഉണ്ടാക്കുവാൻ ആഗ്രഹിക്കുന്നു. അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ നേതൃത്വത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. **ചാരെ-വയോജനശ്രദ്ധാ** പദ്ധതിക്ക് ഒരു മാർഗ്ഗരേഖ ഉണ്ടാക്കുന്നതിനും പരിശീലനം നൽകുന്നതിനും ഉള്ള സംവിധാനം ഉടൻ ഏർപ്പെടുത്തും. ആയതിന്റെ ഉദ്ഘാടനം നമ്മുടെ തുമ്പമൺ മെത്രാസനത്തിലെ മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ 2025 ഓഗസ്റ്റ് മാസം 17-ന് ഉച്ചകഴിഞ്ഞ് 2.30-ന് നമ്മുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നു. ഏവരുടെയും സാന്നിദ്ധ്യം ഉണ്ടാകണം.

നമ്മുടെ എല്ലാ ഇടവകകളിലും **'ചാരെ'** പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുവാൻ നമ്മുടെ വൈദികരും ഭരണസമിതിയും പ്രത്യേകം താത്പര്യം കാണിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 ജൂലൈ മാസം 21-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.